# പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1488 03.05.2017 -ലെ മറുപടി**

**അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |

(എ)അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമത്തിലെ ഭേദഗതിയുടെ കരട് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അയച്ചുകൊടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വിശദീകരിക്കാമോ ;

(എ) അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമത്തിലെ (Inter State River Water Disputes Act 1956) ഭേദഗതിയുടെ കരടിന് കേരള സർക്കാരിന്റെ ഭേദഗതി വരുത്തിയ അഭിപ്രായങ്ങൾ സർക്കാർ കത്ത് നം. 353039/ISWC2/2015/WRD, തീയതി 09/03/2016 പ്രകാരം നീതി ആയോഗിനെ അറിയിക്കുകയുണ്ടായി. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളാണ് കേരളം കേന്ദ്ര ഗവൺമെൻറിനെ അറിയിച്ചത്. പ്രസ്തുത കത്തിലൂടെ അറിയിച്ച കേരളത്തിന്റെ നിലപാടുകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1) അന്തർ സംസ്ഥാന നദിയെ സംബന്ധിച്ച് കൃത്യമായ ഒരു നിർവചനം വേണ്ടതാണ്. നൂറു കിലോമീറ്ററിൽ കൂടുതൽ നീളമുള്ളതും മൊത്തം 1000 സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ വൃഷ്ടി പ്രദേശമുള്ളതുമായ നദികളെ മാത്രമേ അന്തർ സംസ്ഥാന നദികളായി പരിഗണിക്കാവൂ. പ്രസ്തുത അന്തർ സംസ്ഥാന നദിയുടെ മൊത്തം വൃഷ്ടി പ്രദേശത്തിന്റെ 5% എങ്കിലും സംഭാവന നൽകുന്ന സംസ്ഥാനത്തെ മാത്രമേ ബേസിൻ സ്റ്റേറ്റ് ആയി പരിഗണിക്കാവൂ.എന്നും കേരളം അറിയിച്ചിട്ടുണ്ട്.

2) എപ്പോഴെങ്കിലും ഏതെങ്കിലും സംസ്ഥാനത്ത് നിന്ന് അന്തർ സംസ്ഥാന നദീജല തർക്കത്തെ സംബന്ധിച്ച പരാതികൾ ലഭിക്കുകയാണെങ്കിൽ കേന്ദ്ര സർക്കാർ ഒരു Dispute Resolution Committee, പരാതി കിട്ടി 3 മാസങ്ങൾക്കുള്ളിൽ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി തർക്കത്തിൽ ഭാഗമായിട്ടുള്ള എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ ആരായണമെന്നും , അതിനു ശേഷം മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാവൂ എന്നും അഭിപ്രായം നൽകുകയുണ്ടായി.കമ്മിറ്റി അംഗങ്ങൾ

ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും ആകരുത് എന്നും നിർദ്ദേശിച്ചിരുന്നു.

3) Tribunal വിധിക്കെതിരെ ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് ബഹു. സുപ്രീം കോടതിയെ സമീപിക്കാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തണം എന്നും കേരളം നിർദ്ദേശിച്ചു.

4) Tribunal വിധി പുറപ്പെടുവിച്ച ശേഷം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനസർക്കാരുമായി ചർച്ച നടത്തി 6 മാസത്തിനുള്ളിൽ ഗസറ്റ് വിജ്ഞാപനവും ആവശ്യമായ നിയമനിർമ്മാണവും നടത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

ബി)അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം കർമ്മസേന രൂപീകരിച്ചിട്ടില്ല. പ്രസ്തുത ആവശ്യങ്ങൾക്കായി ഐ.എസ്.ഡബ്ളിയു. അഡൈ്വസറി കമ്മിറ്റി, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ, ചീഫ് എൻജിനീയർ ഐ.എസ്.ഡബ്ളിയു തുടങ്ങിയ സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

സി) നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് എന്താണ് ; ഇതിനായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സി) നദീ സംയോജന പദ്ധതി പ്രകാരം കേരളത്തെ ബാധിക്കുന്ന ലിങ്ക് പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാറിലേയ്ക്ക് കൊണ്ടുപോകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നദീ സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണ് ഉള്ളത്. യാതൊരു കാരണവശാലും പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി അനുവദിക്കില്ല എന്നതു തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്. പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരളസർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാദ്ധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA യുടെ Technical Advisory Committee, Governing Body, Annual General Meeting, Special Committee for Interlinking of Rivers എന്നീ മീറ്റിംഗുകളിൽ കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. NWDA യുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ സംബന്ധിച്ച് തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് കേരളത്തിന് ഉറപ്പ് ലഭിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ